**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 696** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര ഉപഭോക്താക്കൾക്കാണ് സബ്സിഡി നൽകുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി നൽകുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 72,25,313 ഗാർഹിക ഉപഭോക്താക്കൾക്കാണ് ഗവൺമെന്റ് സബ്സിഡി ലഭിച്ചത്. |
| (ബി) | പ്രസ്തുത സബ്സിഡി ഏതെല്ലാം വിഭാഗക്കാർക്കാണ് നൽകുന്നതെന്നും ആയതിന്റെ മാനദണ്ഡം എന്താണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്ത്, താഴെ പറയുന്ന സബ്സിഡി ആനുകൂല്യങ്ങളാണ് ഗാർഹിക ഉപഭോക്താക്കൾക്ക് നൽകി വരുന്നത്.<br><br>i) പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവണ്മെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്. ടി ആനുകൂല്യം 11,223 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.<br><br>ii) കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകി വരുന്നു. ടി ആനുകൂല്യം 3200 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.<br><br>iii) ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി സൗജന്യമായി നൽകി വരുന്നു. ടി ആനുകൂല്യം 3090 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.<br><br>iv) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കളെ, കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25.07.2012 ലെ ഉത്തരവ് പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കാനാണ് |

| | | | |
|---|---|---|---|
| | | | ഗവൺമെന്റ് സബ്സിഡി നൽകി തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയും ആണ്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ് ഇനത്തിൽ സബ്സിഡി നൽകി വരുന്നുണ്ട്. ടി ആനുകൂല്യം 72,07,800 ഉപഭോക്താക്കൾക്ക് ലഭിക്കുന്നു |

സെക്ഷൻ ഓഫീസർ